**No. 370/2022**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
ലോകരക്ഷകനായ ദൈവപുത്രന്റെ തിരുജനനത്തെ വരവേൽക്കുവാൻ പരിശുദ്ധ സഭ ഒരുങ്ങുകയാണ്. നോമ്പനുഷ്ഠാനങ്ങളുടെയും പ്രാർത്ഥനയുടെയും നിറവിൽ നമ്മുടെ ഹൃദയമാകുന്ന പുൽക്കൂട് ഒരുക്കേണ്ടതുണ്ട്. പാപത്താൽ വീണുപോയ മനുഷ്യരെ രക്ഷയുടെ തീരത്തേക്ക് നയിക്കുവാൻ ദൈവം മനുഷ്യനായി ഭൂമിയിൽ അവതാരമെടുത്തു. പിതാവാം ദൈവത്തിന്റെ കരുണയുടെ പ്രതിഫലനമാണ് ക്രിസ്തുമസ് എന്ന മഹാത്ഭുതം. *"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (വി. യോഹന്നാൻ 3:16).* ദൈവസ്നേഹത്തിന്റെ ഊഷ്മളതയുടെയും, ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിന്റെയും അമൂല്യപാഠങ്ങളാണ് ഓരോ ക്രിസ്തുമസും ലോകത്തോട് പങ്കുവയ്ക്കുന്നത്. മാലാഖമാരുടെ ഗാനത്തിന്റെ അന്തഃസത്ത നമ്മുടെ മനസ്സുകളിൽ ഹൃദ്യമായി അനുഭവിക്കുവാൻ ഇടയാകത്തക്കവണ്ണം അനാഥരുടെയും വിധവകളുടെയും ദു:ഖിതരുടെയും ജീവിതത്തിൽ ആശ്വാസത്തിന്റെ അനുഭവങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കുവാൻ നിങ്ങൾക്ക് സാധ്യമാകണം. ദൈവ പ്രസാദമുള്ള മനുഷ്യർക്ക് ലഭ്യമാകുന്നതാണ് സ്വർഗ്ഗീയ സമാധാനം. ക്രിസ്തീയ സാക്ഷ്യത്തോടെ മാതൃകാപരമായി ഈ വർഷത്തെ യൽദോ പെരുന്നാൾ ആചരിക്കുവാൻ ഏവരും ശ്രദ്ധിക്കണം.

ഒരു പുതിയ വർഷത്തിലേക്ക് പ്രവേശിക്കുവാനായി നാം ഒരുങ്ങുന്ന കാലഘട്ടം കൂടിയാണല്ലോ ഇത്. പുതുക്കം പ്രാപിച്ച മനുഷ്യരായി വിശുദ്ധിയോടെ നവവത്സരത്തെ നമുക്ക് വരവേൽക്കാം. പിന്നിട്ട വഴികളിൽ വന്നുപോയ കുറവുകളെ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് പുതിയ പ്രതീക്ഷകളോടെ, പുതുനന്മകളെ പ്രാപിച്ചു കൊണ്ട് സ്വർഗ്ഗത്തെനോക്കി യാത്ര ചെയ്യുന്ന തീർത്ഥാടകസംഘത്തിൽ അണിചേരുവാൻ എല്ലാവർക്കും ഇടയാകണം. അഹങ്കാരവും സ്വാർത്ഥതയും വെടിഞ്ഞും, ദൈവകൃപകൾ പ്രാപിച്ചും പുതിയ മനുഷ്യരായി രൂപാന്തരപ്പെടുവാൻ ഏവർക്കും സാധ്യമാകണം.

അനുഗ്രഹകരമായ ക്രിസ്തുമസും നന്മകൾ നിറഞ്ഞ പുതുവത്സരവും നാം ആശംസിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

2022 നവംബർ മാസം 15-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**In the blessed name of the Tri-une God, Self-existent, Beginningless and Endless, Perfect in Being, (Glory be to Him) Moran Mar Baselios Marthoma Mathews III Catholicos of the East and Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. 370/2022**

Blessings to our beloved Vicars of the churches, Priests of the locality, *Kaisthanees* and faithful of all the Parishes!

Dearly beloved,

The Holy Church is getting ready to celebrate the Feast of Nativity of the Son of God, Savior of the World. In the spirit of fasting and prayer, we must prepare our hearts as the manger. God became incarnate in order to guide the fallen human race towards the harbour of salvation. Christmas, the great miracle, is the manifestation of the abundant mercy of God the Father. *"For God so loved the world that he gave his only Son, so that everyone who believes in him may not perish but may have eternal life" (St. John 3:16)*. Every year, Christmas shares with the world invaluable lessons about the warmth of God's love and the fulfilment of God's will. In order to experience the true essence of the angelic hymn in our hearts, we must seek to please God by gifting moments of comfort in the lives of orphans, widows, and the sorrowful. Divine peace is granted to those who please God. We urge you all solemnly to observe the Feast of Nativity this year in a manner befitting Christian witness.

This is also a period in which we are preparing ourselves to enter a 'New Year'. Let us welcome the New Year with sanctity as renewed human beings. Let us confess before God our shortcomings in the path trod so far; and with new hope and new gifts of grace, let us continue to partake in the pilgrimage to heaven. We should be able to get rid of pride and selfishness and seek God's grace and thus transform ourselves into a new creation.

We wish you all a blessed Feast of Nativity and a New Year filled with all good things.

May the Grace and Blessings of God Almighty abide with you forever, and may the prayers of the Mother of our God the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and of all the Holy Saints be a stronghold for us. Amen.

Our Father who art in Heaven...

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India
On November 15, 2022